**പത്രക്കുറിപ്പ്**
**05.06.2017**

**കുടുംബശ്രീ മാതൃക ആസാമിലെ 51 ഗ്രാമപഞ്ചായത്തുകളിൽ കൂടി: ധാരണാപത്രം ഇന്ന് (06.06.2017 ചൊവ്വ)ഒപ്പുവയ്ക്കും**

തിരുവനന്തപുരം: കുടുംബശ്രീ മാതൃക ആസാമിലെ 51 ഗ്രാമപഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നു. ആസാമിലും ഡൽഹിയിലും നടന്ന ഉന്നതതല ചർച്ചയിലാണ് ഇതു സംബന്ധിച്ച തീരുമാനമായത്. ഇതു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീലിന്റെ സാന്നിധ്യത്തിൽ ഇന്ന് (6-6-2017)രാവിലെ പത്തിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ആസാം സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ് മിഷൻ ചീഫ് ഫിനാൻഷ്യൽ കൺട്രോളർ ദിഗന്ത ഗൊഗോയ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അജിത് നർസാരി എന്നിവർ സംയുക്തമായി രാവിലെ പത്തിന് മന്ത്രിയുടെ ചേമ്പറിൽ ധാരണാപത്രം ഒപ്പു വയ്ക്കും.

ആസാമിലെ നാഗോൺ സോണിപുർ ജില്ലകളിലെ 51 ഗ്രാമപഞ്ചായത്തുകളിലാണ് ഇനി കുടുംബശ്രീ മാതൃക വ്യാപിപ്പിക്കുന്നത്. 2014 മുതൽ ആസാമിലെ മോറിഗോൺ ജില്ലകളിലെ ലാഹരിഘട്ട്, ബാജിയഗോൺ ബ്ലോക്കുകളിലെ 36 പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങളുടെ വിജയത്തെ തുടർന്നാണ് കൂടുതൽ പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം.

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി ആസാമിലും സ്ത്രീകളുടെ സ്വയംസഹായ ഗ്രൂപ്പുകളുടെ രൂപീകരണവും ഉപജീവന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയുമാണ് കുടുംബശ്രീ ചെയ്യുന്നത്. ഇതിനായി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഇതരസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മെന്റർമാരുടെയും പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിൽ നിന്നുതന്നെ തിരഞ്ഞെടുത്തിട്ടുള്ള മെന്റർ റിസോഴ്സ് പേഴ്സൺമാരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. നിലവിൽ 13 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തും കുടുംബശ്രീ മാതൃക വിജയകരമായി നടപ്പാക്കി വരികയാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ